1/2

036531 FAX

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

നം. 15342/ഉപ.സി3/2014/ഉഭപവ | തിരുവനന്തപുരം, തീയതി : 24.07.2014.

**പരിപത്രം**

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ഇ-മെയിൽ വഴി അറിയിക്കുന്നത് - ഭേദഗതി - സംബന്ധിച്ച്.

സൂചന:- 1) 06.09.2012-ലെ 12917/ഉപ.സി3/12/ഉഭപവ നമ്പർ പരിപത്രം.
2) 08.07.2014-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ ആർ & എ IV (2) 7722/14/GW നമ്പർ കത്ത്.

സൂചന (1) ലെ പരിപത്രം പ്രകാരം 01.06.2012 മുതൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് ഇ-മെയിൽ സംവിധാനം വഴി ആയിരിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 2014 ആഗസ്റ്റ് 1 മുതൽ ഇ-മെയിൽ വഴി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് സൂചന (2) ലെ കത്ത് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014 ആഗസ്റ്റ് 1 മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാപത്രം (Pro forma) ഇ-മെയിൽ വഴി മാത്രം പി.എസ്.സി.ക്ക് അയയ്ക്കേണ്ടതാണെന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തേണ്ടതും അതോടൊപ്പം ഒറിജിനൽ പ്രൊഫോർമയുടെ സ്കാൻ ചെയ്ത പകർപ്പും ഇ-മെയിൽ ആയി അയക്കേണ്ടതാണ്. വിവിധ പി.എസ്.സി. ഓഫീസുകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഇ-മെയിൽ വിലാസം അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ നിയമനാധികാരികളും കർശനമായി പാലിക്കേണ്ടതാണ്.

**കെ.അജയകുമാർ,**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടിവുമാർക്കും.
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

| Office | E-mail IDs |
|---|---|
| Head Office (Statewide Vacancy) | secyvacancy.psc@kerala.gov.in |
| Regional Office, Kollam | roklmvacancy.psc@kerala.gov.in |
| Regional Office, Ernakulam | roekmvacancy.psc@kerala.gov.in |
| Regional Office, Kozhikode | rocltvacancy.psc@kerala.gov.in |
| District Office, Thiruvananthapuram | dotvmvacancy.psc@kerala.gov.in |
| District Office, Kollam | doklmvacancy.psc@kerala.gov.in |
| District Office, Wayanad | dowydvacancy.psc@kerala.gov.in |
| District Office, Thrissur | dotsrvacancy.psc@kerala.gov.in |
| District Office, Pathanamthitta | doptavacancy.psc@kerala.gov.in |
| District Office, Palakkad | dopkdvacancy.psc@kerala.gov.in |
| District Office, Kasargode | dokzdvacancy.psc@kerala.gov.in |
| District Office, Kottayam | doktmvacancy.psc@kerala.gov.in |
| District Office, Kannur | doknrvacancy.psc@kerala.gov.in |
| District Office, Idukki | doidkvacancy.psc@kerala.gov.in |
| District Office, Ernakulam | doekmvacancy.psc@kerala.gov.in |
| District Office, Kozhikode | docltvacancy.psc@kerala.gov.in |
| District Office, Alappuzha | doalpvacancy.psc@kerala.gov.in |
| District Office, Malappuram | domlpvacancy.psc@kerala.gov.in |

കൃഷി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം

**കീഴെഴുത്ത് നം. ഒ ആന്റ് എം (1) 36581/ 2014.** **തീയതി : 02 -08-2013.**

പരിപത്രത്തിന്റെ പകർപ്പ് പ്രെർഫോർമ ഉൾപ്പെടെ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും അയയ്ക്കുന്നു. ഇതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

**പകർപ്പ്:-**

**എസ്സ് എ, എസ്സ് ബി, എസ്സ് ഡി, എസ്സ് ഇ , എസ്സ് എച്ച്** സെക്ഷനുകൾക്ക്
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്I
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്II
ഐറ്റി സെൽ( ടി പരിപത്രം കൃഷി വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ കരുതൽ

*സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ*
*കൃഷി ഡയറക്ടർക്കു വേണ്ടി*